(ബി) സീഡ് വില്ലേജുകളിലെല്ലാംകൂടി എത്ര കർഷകർ അംഗങ്ങളായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ കർഷകർക്ക് നൽകിയ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതി ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (സി) ഓരോ പ്രദേശത്തിനും (വില്ലേജിനും) അനുയോജ്യമായതും കർഷകരുടെ ഇടയിൽ സ്വീകാര്യമായ നെൽവിത്ത് അതാത് പ്രദേശത്തുതന്നെ ഉൽപ്പാദനം നടത്തി യഥാസമയം കർഷകർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കാർഷികമേഖലയിൽ സീഡ് വില്ലേജ് എന്ന ആശയം ഉൾക്കൊണ്ട് വിത്തുൽപ്പാദനപദ്ധതി നടപ്പിലാക്കിയിരുന്നു. മറ്റു വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) ഇല്ല. സീഡ് വില്ലേജ് എന്ന ആശയം ഉൾക്കൊണ്ട് രജിസ്ട്രേഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്ന പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

കാർഷിക ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം

36 [3480] *ശ്രീ കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഈ കാർഷിക ഇൻഷ്വറൻസ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ എത്ര കർഷകരെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തുണ്ടായിട്ടുള്ള വിവിധ കെടുതികളുടെയും പ്രകൃതിക്ഷോഭങ്ങളുടെയും ഇരയായിത്തീർന്ന് കൃഷി നശിച്ച എത്ര പേർക്ക് ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി എന്നീ രണ്ട് ഇൻഷ്വറൻസ് പദ്ധതികളാണ് സംസ്ഥാനത്ത് കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ട പരിഹാരം നൽകുന്നതിനാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി യിരിക്കുന്നത്. സംസ്ഥാനത്തെ പ്രധാന വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വിളകൾക്ക് ഉണ്ടാകുന്ന പൂർണ്ണനാശത്തിനു മാത്രമേ നഷ്ടപരിഹാരം നൽകാറുള്ളൂ. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഒരു നിശ്ചിത തുക പ്രീമിയം അടച്ച് പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. ഓരോ വിളയ്ക്കും നിശ്ചിത തുക നഷ്ടപരിഹാരമായി നൽകും. സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന തുക, കർഷകരിൽനിന്നും ലഭിക്കുന്ന പ്രീമിയം, ഫണ്ടിൽ നിക്ഷേപിച്ച തുകയിൽനിന്നും ലഭിക്കുന്ന പലിശ എന്നീ ഘടകങ്ങൾ ചേർന്നതാണ് വിള ഇൻഷ്വറൻസ് ഫണ്ട്. നഷ്ടം സംഭവിച്ച് 3 ദിവസത്തിനകം നഷ്ടപരിഹാരം ലഭിക്കാനുള്ള അപേക്ഷ നൽകണം. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി 1999 റാബി ഒന്നാം വിള മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യാ ലിമിറ്റഡ് മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കിയിരി ക്കുന്നത്. ഈ പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, മഞ്ഞൾ, പൈനാപ്പിൾ, ഇഞ്ചി, എന്നീ വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. നോട്ടിഫൈ ചെയ്ത വിളകൾക്ക് പൊതുമേഖലാ ബാങ്കുകളിൽനിന്നും ലോൺ എടുക്കുന്ന കർഷകർ ഈ പദ്ധതിയിൽ നിർബന്ധമായും അംഗമായി ചേരണം. ലോണെടുക്കാത്ത കർഷകർക്കും പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. വിരിപ്പ് (ഖാരിഫ്) സീസണിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.5 ശതമാനവും, മുണ്ടകൻ, പുഞ്ച (റാബി) സീസണുകളിൽ 2 ശതമാനവും ആയിരിക്കും സാധാരണ പ്രീമിയം നിരക്ക്. ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയം തുകയുടെ 50% സബ്സിഡിയായി നൽകിവരുന്നു. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി പങ്കിടുന്നു. വിളയുടെ നഷ്ടപരിഹാരം വിളവെടുപ്പിന്റെ തോതനുസരിച്ചാണ് നൽകുന്നത്. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പു നടത്തുന്ന ക്രോപ്പ് കട്ടിംഗ് എക്സ്പിരിമെന്റ്സ് അനുസരിച്ചാണ് വിളവെടുപ്പിന്റെ കണക്ക് നിശ്ചയിക്കുന്നത്. ഇത്തരത്തിൽ വിളവെടുപ്പിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ നഷ്ടം വന്നതായി കണക്കാക്കി ബാങ്കുകൾ മുഖേന നഷ്ടപരിഹാരം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13002 കർഷകരെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ച 5240 കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കിന് അനുബന്ധം കാണുക.†

കന്നുകാലി രോഗനിയന്ത്രണമേഖല സൃഷ്ടിക്കുന്നതിന് നടപടി

37 [3490] *ശ്രീ. വി. കെ. സി. മമ്മത് കോയ:*
,, ടി. കെ. ദേവകുമാർ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മൃഗസംരക്ഷണ വകുപ്പ് മൃഗപരിപാലനത്തിനായി എത്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കന്നുകാലി രോഗനിയന്ത്രണമേഖല സൃഷ്ടിക്കുന്നതിനും പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാനത്ത് കാലിരോഗ നിയന്ത്രണമേഖല സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ തനതായ ജന്തുവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ടി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കന്നുകാലി രോഗനിർണ്ണയത്തിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) 1. ജന്തുരോഗ നിയന്ത്രണ പദ്ധതി (ഗോരക്ഷാ, കുളമ്പുരോഗ നിയന്ത്രണ പദ്ധതി).

2. മൃഗരോഗ നിയന്ത്രണ പദ്ധതി — ASCAD.

3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM.2/610/2012—10

LIBRARY ARCHIVES Kerala Legislative Assembly